തിരുവനന്തപുരത്ത് തുടങ്ങാതിരിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. എന്തായാലും ഫെബ്രുവരി ആദ്യവാരത്തിൽ തന്നെ എച്ച്.ആർ.ഡി.-യിലെ ഉദ്യോഗസ്ഥന്മാർ ഇവിടെ വന്ന് നോർക്കയുടെ വഴുതയ്ക്കാട് ഓഫീസിൽ അറ്റസ്റ്റേഷൻ സെന്റർ തുടങ്ങും. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ഒരു ബുദ്ധിമുട്ടുള്ളത് പേഴ്സണൽ വെരിഫിക്കേഷന് എച്ച്.ആർ.ഡി. നിർബന്ധിക്കുകയാണ്. അതുകൊണ്ട് തിരുവനന്തപുരത്ത് ഇത് ആദ്യം ആരംഭിക്കുകയാണ്. ഇത് ആരംഭിച്ചുകഴിഞ്ഞാൽ കേരള ഗവണ്മെന്റിനെ ചുമതലപ്പെടുത്തണമെന്നുള്ളതാണ് അവരോട് അഭ്യർത്ഥിച്ചിരിക്കുന്നത്. അങ്ങനെ കേരള ഗവൺമെന്റിനെ ചുമതലപ്പെടുത്തിക്കഴിഞ്ഞാൽ കൊച്ചിയിലും തിരുവനന്തപുരത്തും അറ്റസ്റ്റ് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കാൻ കഴിയും. അതുകൊണ്ട് ഇപ്പോൾ തിരുവനന്തപുരത്ത് ആരംഭിച്ച് രണ്ടാം ഘട്ടമെന്ന നിലയ്ക്ക് മെമ്പർ പറഞ്ഞ ആവശ്യം അംഗീകരിക്കാൻ സാധിക്കുമെന്നാണ് ഗവണ്മെന്റിന്റെ പ്രതീക്ഷ.

(3) മലബാർ പ്രദേശത്തെ പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ കമ്പനികളും അടച്ചുപൂട്ടിയ നടപടി

ശ്രീ. മത്തായി ചാക്കോ: സർ, മലബാർ പ്രദേശത്തിന്റെ വ്യവസായ തലസ്ഥാനമായി നേരത്തേ അറിയപ്പെടുന്ന പ്രദേശമാണ് കോഴിക്കോട്. അവിടെയുണ്ടായിരുന്ന ഓടുവ്യവസായവും നെയ്ത്തുമെല്ലാം പൊളിഞ്ഞു. പിന്നെ ആധുനിക വ്യവസായങ്ങളായ കേരള സോപ്സ് ആന്റ് ഓയിൽസും കുന്നത്തറ ടെക്സ്റ്റൈൽസും തിരുവണ്ണൂർ കോട്ടൺ മിൽസും എല്ലാം അവിടെ വന്നിരുന്നു. ഇപ്പോൾ കോഴിക്കോട് ജില്ല ഈ വ്യവസായങ്ങളുടെയൊക്കെ ശവപ്പറമ്പായി മാറിയിരിക്കുകയാണ്. ഗ്വാളിയാർ റയോൺസിന്റെ ഫാക്ടറി അടച്ചുപൂട്ടി. അവിടെ പണിയുണ്ടായിരുന്ന പതിനയ്യായിരത്തോളം തൊഴിലാളികൾ പുറത്തുപോയ അവസ്ഥയുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിലെ തകർന്നുകിടക്കുന്ന വ്യവസായങ്ങളെ സംരക്ഷിക്കാൻ ആവശ്യമായ ഒരു പാക്കേജ് ഗവണ്മെന്റ് പ്രഖ്യാപിക്കണം. അല്ലെങ്കിൽ എം.എൽ.എ.-മാരെ വിളിച്ചുചേർത്ത് ഒരു യോഗം നടത്താൻ ഗവണ്മെന്റ് സന്നദ്ധമാകണം. അവിടെ വരുന്ന ഫെബ്രുവരിയിൽ സി.ഐ.ടി.യു-ന്റെ നേതൃത്വത്തിൽ കളക്ടറേറ്റ് മാർച്ച് ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, മാർച്ച് കൊണ്ടും പിക്കറ്റിംഗ് കൊണ്ടും ഒരിക്കലും വ്യവസായം വരാൻ പോകുന്നില്ല. വ്യവസായത്തിന് വാസ്തവത്തിൽ വേണ്ടത് ഇതൊക്കെ ലേശം

LIBRARY ARCHIVES Kerala Legislative Assembly

കുറയ്ക്കലാണ്. എം.എൽ.എ.-മാരുടെ യോഗം ഞാൻ വിളിച്ചുകൂട്ടാം. നമുക്ക് ചർച്ച ചെയ്യാം. പാലക്കാട് ജില്ലയിൽ ഞാൻ യോഗം വിളിച്ചുകൂട്ടിയിരുന്നു. തിരുവണ്ണൂർ കോട്ടൺ മിൽസും സ്റ്റീൽ കോംപ്ലക്സും എങ്ങനെ നിലനിർത്താൻ കഴിയുമെന്ന് നോക്കാം.....(ബഹളം)..... ഈ വക അസ്വസ്ഥത കൊണ്ടൊന്നും കാര്യമില്ല. ഗ്വാളിയാർ റയോൺസ് എപ്പോഴാണ് പൂട്ടിയത്; ഓർമ്മയില്ലേ? അതുകൊണ്ട് ഇതൊന്നുകൊണ്ടും കാര്യമില്ല. വ്യവസായങ്ങൾ നിലനിർത്തുകയെന്നുള്ളത് ദുഷ്കരമായ ഒരു ജോലിയാണ്. വളരെ ആഴത്തിൽ ചർച്ച ചെയ്യാം. ഞാൻ അതിന് വേണമെങ്കിൽ മീറ്റിംഗ് വിളിക്കാം.

(4) പൂവത്തുങ്കൽ ബേബിയുടെ മരണം

പ്രൊഫ. എ. ഡി. മുസ്തഫ: സർ, പേരാവൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ആറളം പോലീസ് സ്റ്റേഷൻ അതിർത്തിയിലെ പൂവത്തുങ്കൽ ബേബി എന്ന തോമസിന്റെ ഡെഡ്ബോഡി 18-10-2003-ന് വീടിന് തൊട്ടടുത്തുള്ള ഒരു കിണറ്റിൽ കാണുകയുണ്ടായി. കൊലപാതകമാണെന്ന് പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടും ഇന്നേവരെ അതിന് ഒരു അറസ്റ്റോ മറ്റു കാര്യങ്ങളോ പോലീസിന്റെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച മരണത്തെക്കുറിച്ച് അന്വേഷണം നടത്തിയെങ്കിലും വ്യക്തമായ തെളിവുകൾ ഒന്നുംതന്നെ ഇതേവരെ ലഭിച്ചിട്ടില്ല. ബേബിയുടെ മരണത്തിനിടയാക്കിയ സാഹചര്യത്തേയും അതിനെത്തുടർന്ന് നിലനിൽക്കുന്ന ദുരൂഹതയേയും പറ്റി വിശദമായ അന്വേഷണം നടത്തുന്നതാണ്.

(5) ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിട നിർമ്മാണം

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ബേപ്പൂരിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ അസൗകര്യങ്ങൾ മാത്രമാണുള്ളത്. അവിടെ പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി എത്രയുംവേഗം പൂർത്തീകരിക്കണം. ആ കെട്ടിടത്തിലേക്ക് അത് മാറ്റണം. അതുപോലെതന്നെ അവിടെ കുട്ടികൾക്ക് ഡേ സ്കോളറായി ചേരുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. അതിന്റെ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് മന്ത്രിയുടെ കയ്യിൽ കിട്ടിയെന്നാണ് പറയുന്നത്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly